**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3245** **01-03-2023 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പള വർദ്ധന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സമഗ്ര ശിക്ഷ കേരളയിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന കല-കായിക പ്രവൃത്തി പരിചയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് 2016-ൽ 25200 രൂപ ശമ്പളം ഉണ്ടായിരുന്നെങ്കിലും 2017-ൽ അത് 14000 രൂപയായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതു കാരണവും Project Approval Board, അദ്ധ്യാപകർക്കായി അനുവദിച്ച നൽകിയ തുകയിൽ കുറവുണ്ടായതു കാരണവുമാണ് ശമ്പളം 14,000/- രൂപയായി കുറഞ്ഞത്. |
| (ബി) | തുല്യ ജോലിക്ക് തുല്യ വേതനമെന്നിരിക്കേ ദിവസ വേതനക്കാർക്കുള്ള ശമ്പളം പോലും പ്രസ്തുത അദ്ധ്യാപകർക്കില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതു കാരണവും Project Approval Board, അദ്ധ്യാപകർക്കായി അനുവദിച്ച നൽകിയ തുകയിൽ കുറവുണ്ടായതു കാരണവുമാണ് ശമ്പളം 14,000/- രൂപയായി കുറഞ്ഞത്. |
| (സി) | നിലവിൽ പതിനായിരം രൂപയിൽ താഴെ ശമ്പളമുള്ള പ്രസ്തുത അദ്ധ്യാപകരുടെ ശമ്പള വർദ്ധന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | 23.02.2023ൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയും, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും എസ്.എസ്.കെ ഡയറക്ടർ, സ്പെഷ്യലിസ്റ്റ് അധ്യാപക സംഘടനകളുടെ നേതാക്കൾ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ വേതനം 13,400/- രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു. അതോടൊപ്പം 13,400/-രൂപയുടെ 12% വരുന്ന 1608/- രൂപ ഇ.പി.എഫ് (എംപ്ലോയർ കോൺട്രിബ്യൂഷൻ) ആയി നൽകുന്നതിനും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ